പത്രക്കുറിപ്പ്
12-3-2017

## കേരളം കാതോർക്കുന്ന ശബ്ദമാകാൻ കുടുംബശ്രീ കമ്യൂണിറ്റി റേഡിയോ വരുന്നു

തിരുവനന്തപുരം: സ്ത്രീശാക്തീകരണ വഴിയിൽ വ്യത്യസ്തങ്ങളായ പരിപാടികളുമായി മുന്നേറുന്ന കുടുംബശ്രീയുടെ കരുത്തുറ്റ ശബ്ദം ഇനി മുതൽ ശ്രോതാക്കളെ തേടിയെത്തും. ദാരിദ്ര്യനിർമാർജനത്തിന് വിവിധങ്ങളായ പദ്ധതികൾ നടപ്പാക്കുക വഴി സമൂഹത്തിൽ സ്ത്രീജീവിതത്തിന്റെ മുഖച്ഛായ മാറ്റിയ കുടുംബശ്രീ കമ്മ്യൂണിറ്റി റേഡിയോ എന്ന പുതിയ ദൗത്യവുമായാണ് ഇത്തവണ എത്തുന്നത്.

2,77,175 അയൽക്കൂട്ടങ്ങളിലായി 43 ലക്ഷം സ്ത്രീകളുടെ സമഗ്രവികാസം ലക്ഷ്യമിട്ട് സാമൂഹ്യവും സാംസ്കാരികവുമായ വിദ്യാഭ്യാസപ്രക്രിയ സാധ്യമാക്കുന്നതിനാണ് കമ്യൂണിറ്റി റേഡിയോ ആരംഭിക്കുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കുടുംബശ്രീ മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ വ്യാപനം, സർക്കാർ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ അറിയിപ്പുകളും ഗുണഫലങ്ങളും ജനങ്ങളിലേക്കെത്തിക്കുക, കുടുംബശ്രീ അംഗങ്ങളുടെ സർഗശേഷി പ്രകടിപ്പിക്കുന്നതിനും വളർത്തുന്നതിനും വേദിയൊരുക്കുക, ബാലസഭാ പ്രവർത്തനങ്ങൾക്കായി വിനോദ വിദ്യാഭ്യാസ പരിപാടികൾ സംഘടിപ്പിക്കുക, സാമൂഹ്യ തിൻമകൾക്കെതിരേ പ്രചാരണം നടത്തുക, പ്രാദേശികസാമ്പത്തിക വികസനം, സ്ത്രീശാക്തീകരണം എന്നിവയ്ക്കായി പ്രവർത്തിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് കമ്മ്യൂണിറ്റി റേഡിയോ ആരംഭിക്കുന്നത്.

കുടുംബശ്രീ മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന സ്ത്രീശാക്തീകരണ ദാരിദ്ര്യനിർമാർജന പ്രവർത്തനങ്ങൾ സംബന്ധിച്ച സമ്പൂർണ വിവരങ്ങൾ കുടുംബശ്രീ മിഷൻ നടപ്പാക്കുന്ന വിവിധ പദ്ധതികളെയും പരിപാടികളെയും കുറിച്ചുള്ള വിവരണങ്ങൾ, പദ്ധതി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന രീതി, അപേക്ഷിക്കേണ്ട വിധം, അർഹതാ മാനദണ്ഡങ്ങൾ, സമയപരിധി, വിവിധ മേഖലയിലെ തൊഴിൽ അവസരങ്ങൾ, സംരംഭക-സംഘകൃഷി മേഖലയിലെ ആനുകൂല്യങ്ങൾ, വിവിധ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ, ഇൻഷൂറൻസ് പരിരക്ഷ, വിവിധ സാമ്പത്തിക സഹായം, കുടുംബശ്രീ യൂണിറ്റുകളുടെ വിജയഗാഥകൾ, വ്യക്തിഗത നേട്ടങ്ങൾ കൈവരിച്ച കുടുംബശ്രീ അംഗങ്ങളെ പരിചയപ്പെടുത്തൽ, സംസ്ഥാന ജില്ലാമിഷനിൽ നിന്നും യൂണിറ്റുകൾക്കുള്ള സർക്കുലറുകൾ, സർക്കാരിന്റെ വിവിധ പദ്ധതികൾ നിർദ്ദേശങ്ങൾ എന്നിവയും പരിപാടിയിൽ ഉൾപ്പെടുത്തും. അയൽക്കൂട്ട വനിതകൾക്ക് കുടുംബശ്രീയുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് എക്സിക്യൂട്ടീവ് ഡയറക്ടർ മറുപടി പറയുന്ന തത്സമയ പരിപാടിയും ഉണ്ടായിരിക്കും. വകുപ്പ് മന്ത്രി, കുടുംബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടർ, ജില്ലാമിഷൻ കോ- ഓർഡിനേറ്റർമാർ എന്നിവരുടെ തത്സമയ സംപ്രേഷണം, ജില്ലാ കലക്ടർ, ജില്ലാ പഞ്ചായത്ത് അധികൃതർ തുടങ്ങിയവരുടെ സന്ദേശങ്ങൾ, ഫോൺ ഇൻ ഫോൺ പരിപാടികൾ, ഉപഭോക്തൃ മേഖലകളെ സംബന്ധിക്കുന്ന ബോധവൽക്കരണ പരിപാടികൾ, ചോദ്യോത്തര പരിപാടികൾ എന്നിവയും കമ്മ്യൂണിറ്റി റേഡിയോ വഴി ആരംഭിക്കും. കൂടാതെ ഓരോ ആഴ്ചയും അയൽക്കൂട്ടങ്ങൾക്കുള്ള പ്രത്യേക അറിയിപ്പുകൾ കുടുംബശ്രീ റേഡിയോയുടെ ഒരു സവിശേഷതയാണ്. സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ കൂടുതൽ ഊർജിതമാക്കാൻ ഇതുവഴി സാധിക്കും.

കുടുംബശ്രീ അംഗങ്ങൾക്കുള്ള അവസരങ്ങളെക്കുറിച്ചും സഹായ പദ്ധതികളെക്കുറിച്ചും അയൽക്കൂട്ട അംഗങ്ങൾക്ക് യഥാസസയം അറിയാൻ കഴിയുന്ന മികച്ച സംവിധാനം എന്ന നിലയ്ക്കാണ് കമ്യൂണിറ്റി റേഡിയോ അവതരിപ്പിക്കുന്നത്. ആദ്യഘട്ടത്തിൽ മലപ്പുറത്തായിരിക്കും കുടുംബശ്രീ കമ്മ്യൂണിറ്റി റേഡിയോ സ്ഥാപിക്കുക.

റേഡിയോ പ്രക്ഷേപണം ആരംഭിക്കുന്നതോട അയൽക്കൂട്ടങ്ങളിലേക്ക് നേരിട്ട് കുടുംബശ്രീ സന്ദേശങ്ങൾ എത്തിക്കാനും അയൽക്കൂട്ട യോഗങ്ങളും പ്രവർത്തനങ്ങളും എങ്ങനെ ചിട്ടപെടുത്തണം എന്ന അവ ബോധം ലഭിക്കുകയും ചെയ്യും.

ഓരോ പദ്ധതിയെ കുറിച്ചും വ്യക്തമായ വിവരങ്ങൾ നൽകുന്നതിലൂടെ പദ്ധതി ഓരോ ഗുണഭോക്താക്കളിലും യഥാസമയം എത്തിക്കുന്നതിനും സ്ത്രീകൾക്കും കുട്ടികൾക്കും എതിരേ നടക്കുന്ന അതിക്രമങ്ങളെ കുറിച്ച് അയൽക്കൂട്ടങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി സംസ്ഥാനതല കാമ്പെയ്നുകൾ സംഘടിപ്പിക്കുന്നതിനും കഴിയും. കൂടാതെ റേഡിയോ വഴി സംരംഭകരുടെ വിജയാനുഭവ കഥകൾ പങ്കുവയ്ക്കുന്നത് പുതിയ സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന കുടുംബശ്രീ വനിതകൾക്ക് അത് പ്രചോദനം നൽകും. ബാലസഭാ കുട്ടികളുടെ അനുഭവ വിവരണവും കലാപരിപാടികളും കുടുംബശ്രീ റേഡിയോയിലൂടെ പ്രക്ഷേപണം ചെയ്യുന്നതുവഴി കൂടുതൽ കുട്ടികൾക്ക് ബാലസഭയിലേക്ക് കടന്നുവരനുള്ള അവസരമൊരുക്കും.

കൂടാതെ സംസ്ഥാനത്ത് നടപ്പാക്കുന്ന കാർഷിക പദ്ധതികൾ, സമ്പൂർണ അയൽക്കൂട്ട പ്രവേശനം, കുടുംബശ്രീ തിരഞ്ഞെടുപ്പ്, ബാങ്ക് ലിങ്കേജ്, നഗരസഭാപ്രദേശങ്ങളിൽ കുടുംബശ്രീ മുഖേന നടപ്പാക്കുന്ന പദ്ധതികൾ, എന്നിവയുടെ വ്യാപനം സംബന്ധിച്ച കാമ്പെയ്ൻ പ്രവർത്തനങ്ങൾ, ഉൽപന്ന പ്രദർശന വിപണന മേളകൾ എന്നിവയെ സംബന്ധിച്ചുള്ള കാമ്പെയ്ൻ പ്രവർത്തനങ്ങൾ റേഡിയോ വഴി സംപ്രേഷണം ചെയ്യുന്നതിലൂടെ എത്രയും വേഗം അയൽക്കൂട്ടങ്ങളിലെത്തിക്കാനും കാമ്പെയ്ൻ പ്രവർത്തനങ്ങൾ വിജയിപ്പിക്കാനും കഴിയും.

മിനിസ്ട്രി ഓഫ് ഇൻഫർമേഷൻ ആൻഡ് ബ്രോഡ്കാസ്റ്റിങ്ങിന്റെ കീഴിൽ ന്യൂഡൽഹി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ബേസിൽ (ബ്രോഡ്കാസ്റ്റിങ്ങ് എൻജിനീയറിങ്ങ് കൺസൾട്ടന്റ്സ് ഇന്ത്യ ലിമിറ്റഡ്)എന്ന സ്ഥാപനവുമായി സഹകരിച്ചാണ് കുടുംബശ്രീ കമ്യൂണിറ്റി റേഡിയോ പദ്ധതി നടപ്പാക്കുക. റേഡിയോ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട വിവിധ ഘട്ടങ്ങളിൽ ആവശ്യമായ എല്ലാ സാങ്കേതിക സഹായവും നൽകുന്നതും ബേസിൽ ആയിരിക്കും. ഈ വർഷം ജൂണിൽ കമ്യൂണിറ്റി റേഡിയോ പ്രവർത്തനം തുടങ്ങാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ